ലേലം/ ക്വട്ടേഷൻ പരസ്യം

എ2-263/91 (വാല്യം-3)

പി.വി.ഐ.പി സബ് ഡിവിഷൻ നമ്പർ 4, ആലുവ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നത്

പി.വി.ഐ.പി. കീഴ്മാട് പഞ്ചായത്തിലെ പെരിയാർവാലി കനാൽ ബണ്ടുകളിൽ അപകടകരമായി നിൽക്കുന്ന ആകെ 9 മരങ്ങൾ (പഞ്ഞിമരം -3 പാലമരം-1 വട്ട-2, മാവ്-1, മഴ മരം - 1, പ്ലാവ് -1) **2026 നവംബർ മാസം 05-ാം തീയതി രാവിലെ 11.30 മണിക്ക്** ഈ കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം നിശ്ചിത സമയത്ത് എത്തിച്ചേർന്ന് **2000/- രൂപ** നിരത ദ്രവ്യം കെട്ടി വച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ആലുവയിൽ മാറാവുന്ന ഡി.ഡി. ആയി നിരത ദ്രവ്യം പ്രത്യേകം കവറിൽ ഉള്ളടക്കം ചെയ്ത് മുദ്ര വച്ച കവറിലുള്ള ക്വട്ടേഷനുകൾ രജിസ്ട്രേർഡ് തപാൽ മുഖേനയോ നേരിട്ടോ സമർപ്പിച്ചും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. രജിസ്റ്റേർഡ് തപാലിൽ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ ലേലം നടത്തുന്നതിന് തൊട്ടുമുമ്പുള്ള പ്രവൃത്തി ദിവസം (നവംബർ 04) വൈകീട്ട് 4 മണിക്കു മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. നേരിട്ടുള്ള ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11.00 മണി വരെ ഈ കാര്യാലയത്തിലോ ലേല നടപടികൾ തുടങ്ങുന്നതിനു മുമ്പായി (രാവിലെ 11.30 മണിക്ക്) താഴെ ഒപ്പിട്ടിരിക്കുന്ന അധികാരി സമക്ഷമോ, അല്ലെങ്കിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ സമക്ഷമോ ഹാജരാക്കേണ്ടതാണ്. ലേല ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതും, ലേലത്തിലോ ക്വട്ടേഷനിലോ കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ആളുടെ പേരിൽ ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ലേല സംഖ്യയും 18 ശതമാനം ജി.എസ്.ടി.യും 2.5 ശതമാനം ഇൻകം ടാക്സും മൊത്തം തുകയുടെ (സെയിൽവാല്യൂ + ജി.എസ്.ടി+ ഐ.ടി.) 5 ശതമാനം വനവികസന നികുതിയും, അടങ്ങിയ തുക അപ്പോൾ തന്നെ ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് രസീത് ഹാജരാക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പാൻകാർഡ് കൊണ്ടുവരേണ്ടതാണ്. അല്ലാത്തപക്ഷം 20 ശതമാനം ഇൻകംടാക്സ് അടക്കേണ്ടിവരുന്നതാണ്. ലേലം അംഗീകരിച്ച് ഈ ഓഫീസിൽ നിന്നും രേഖാമൂലം അറിയിപ്പ് ലഭിച്ച് പിറ്റേ ദിവസം തന്നെ ലേല വസ്തു നീക്കം ചെയ്യേണ്ടതാണ്. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് ലേലം നടത്തുന്നതാണ്. ജലസേചനവകുപ്പിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

(കേരള ഗവർണർക്കുവേണ്ടി)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

തീയതി: 29.10.2026
സ്ഥലം: ആലുവ

പകർപ്പ്:
1) അസി.എഞ്ചിനീയർ, 1/4 സെക്ഷൻ, ആലുവ, 2) അസി.എഞ്ചിനീയർ, 2/4 സെക്ഷൻ, ആലുവ 3) അസി.എഞ്ചിനീയർ, 3/4 സെക്ഷൻ, ആലുവ 4) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.വി.ഐ.പി. ഡിവിഷൻ നം 2, ആലുവ 5) അസി.എഞ്ചിനീയർ, മൈനർ സബ് ഡിവിഷൻ, ആലുവ, 6) നോട്ടീസ് ബോർഡ്